I/97249/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ: **ഹാജർ: പ്രിയങ്ക.ജി . IAS** )

വിഷയം:- വനിത ശിശു വികസന വകുപ്പ്– ഐസിഡിഎസ്– **പോഷക ബാല്യം** - 2023-24- **അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് കോഴിമുട്ട, പാൽ** നൽകുന്നത് –ആദ്യഘട്ടതുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

ഈ കാര്യാലയത്തിലെ 20.03.2023 ലെ DWCD/1048/2022-ICDSB3 നമ്പർ പരിപത്രം

**<u>ഉത്തരവ് നം: DWCD/2602/2023-ICDSB1 തീയതി: 24-05-2023</u>**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ 'നോ ഹംഗർ' കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെപ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപെടുത്തുന്ന പുതിയ സംസ്ഥാന പദ്ധതി 2022-23 സാമ്പത്തിക വർഷം ആരംഭിച്ചത് 2023-24 സാമ്പത്തിക വർഷവും തുടരുന്നതിനായി ബഡ്ജറ്റിൽ 2235-02-102-22-00-34-03(PV) എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം **6350.00 ലക്ഷം രൂപ** സർക്കാർ വകയിരുത്തിയിട്ടുണ്ട്.

പരാമർശം (2) പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 2023 മാർച്ച് 20 വരെയുള്ള തുക വിനിയോഗിക്കുന്നതിനും പദ്ധതി തടസം കൂടാതെ 2023-24 സാമ്പത്തിക വർഷം തുടരുന്നതിനും നിർദ്ദേശം നല്കിയിരുന്നു. ആയത് പ്രകാരം തുടർന്ന് വരുന്ന പോഷക ബാല്യം പദ്ധതിയ്ക്കായി ഫണ്ട് അനുവദിക്കണമെന്ന് വിവിധ ശിശു വികസന പദ്ധതി ഓഫീസർമാരും, പ്രോഗ്രാം ഓഫീസർമാരും ആവശ്യപ്പെട്ടിട്ടുണ്ട്.

2023 മാർച്ച് 21 മുതൽ അഞ്ച് മാസത്തേക്ക് (ഏപ്രിൽ-ആഗസ്റ്റ്) കോഴിമുട്ട, പാൽ വിതരണത്തിന് ആവശ്യമായ തുക, മുൻ വർഷത്തെ അലോട്ടുമെന്റ് അടിസ്ഥാനപ്പെടുത്തിയും, 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുതിയിട്ടുള്ള തുകയിൽ ഇപ്പോൾ ലഭ്യമായ തുകയിലും നിലനിർത്തി കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായി **12,57,00,000/-രൂപ** (പന്ത്രണ്ട് കോടി അമ്പത്തി ഏഴ് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക ആലോട്ടുമെന്റായി ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. (ലിസ്റ്റ് അന്യത്ര ചേർക്കുന്നു).

ശിശു വികസന പദ്ധതി ഓഫീസർമാർ മുട്ട,പാൽ വിതരണം ചെയ്തതിന് ശേഷം, ചെലവായ തുകയുടെ വിശദാംശം അതത് മാസം ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് നൽകേണ്ടതും, ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ഫണ്ട് റിക്വസ്റ്റ് പരിശോധിച്ച് ആവശ്യമായ തുക (നിരക്കിൽ വ്യത്യാസമില്ലാതെ) ശിശുവികസന പദ്ധതി ഓഫീസർമാർക്ക് കൈമാറേണ്ടതുമാണ്.

ഇതിലേക്ക് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ (2023-24) **2235-02-102-22-00-34-03 (PV)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്

ഇപ്രകാരം അനുവദിച്ച തുക ബന്ധപ്പെട്ട വിതരണ ഏജൻസിയ്ക്ക് കൈമാറിയതിന്റെ വിശദമായ വിവരം, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം ശിശു വികസന പദ്ധതി ഓഫീസർമാർ

PDF processed with CutePDF evaluation edition www.CutePDF.com

I/97249/2023

പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും, പ്രോഗ്രാം ഓഫീസർമാർ ആയത് ക്രോഡീകരിച്ച് 2023 സെപ്റ്റംബർ 15-ന് മുൻപായി ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

(PRIYANKA G)

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. സൂപ്രണ്ട്, എ സെക്ഷൻ, പ്ലാനിംഗ് സെക്ഷൻ
3. വെബ് സൈറ്റിൽ  പ്രസിദ്ധീകരണത്തിന്
4. സ്റ്റോക്ക് ഫയൽ/ സ്പെയർ

Signed by Priyanka G
Date: 24-05-2023 17:24:44

I/97248/2023

# Poshaka balyam 2023-24- Egg and Milk Fund 1st allotment Details

**Order No:DWCD/2602/2023-ICDSB1 Dated:#ApprovedDate#**

| Sl.No | District | Amount Alloted | | Total |
|---|---|---|---|---|
| | | Egg | Milk | |
| 1 | Thiruvananthapuram | 3000000 | 3100000 | 6100000 |
| 2 | Kollam | 3800000 | 4000000 | 7800000 |
| 3 | Pathanamthitta | 2800000 | 3000000 | 5800000 |
| 4 | Alappuzha | 3800000 | 3900000 | 7700000 |
| 5 | Kottayam | 3800000 | 4000000 | 7800000 |
| 6 | Idukki | 3300000 | 3600000 | 6900000 |
| 7 | Ernakulam | 4800000 | 5000000 | 9800000 |
| 8 | Palakkad | 6000000 | 6200000 | 12200000 |
| 9 | Thrissur | 5400000 | 5700000 | 11100000 |
| 10 | Malappuram | 8000000 | 8500000 | 16500000 |
| 11 | Wayanad | 1100000 | 1100000 | 2200000 |
| 12 | Kozhikode | 6700000 | 6800000 | 13500000 |
| 13 | Kannur | 5900000 | 6100000 | 12000000 |
| 14 | Kasargod | 3100000 | 3200000 | 6300000 |
| TOTAL | | 61500000 | 64200000 | 125700000 |

**(Rupees Twelve Crore Fifty Seven Lakh Only )**

(PRIYANKA G)

**Director of Women and Child Development**

ARR/23

Signed by Priyanka G
Date: 24-05-2023 17:24:27